അവകാശികൾ അറിയിച്ചിട്ടുള്ളതാണ്. അതിനാൽ കുട്ടിക്ക് സമ്മതവും സ്വീകാര്യവുമായ മാനന്തവാടി വില്ലേജിൽ റീസർവ്വേ നമ്പർ 254/1 ബി 1-ൽ ഉൾപ്പെട്ട 5 സെന്റ് സ്ഥലം വാങ്ങി വീട് വയ്ക്കാനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

ടാങ്കർ ലോറികളിലെ ജലവിതരണം

25 (4308) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടാങ്കർ ലോറികളിൽ ഉപയോഗ്യമല്ലാത്ത വിധത്തിലുള്ള ജലം വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ മലിനജലം വിതരണം ചെയ്യുന്നത് തടയുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(സി) മലിനജലം വിതരണം ചെയ്തതിന്റെ പേരിൽ എത്ര ടാങ്കർ ലോറികളുടെ പെർമിറ്റ് കട്ട് ചെയ്തിട്ടുണ്ടെന്നും എത്ര അനധികൃത ടാങ്കർ ലോറികൾ പിടിച്ചെടുത്തിട്ടുണ്ടെന്നും ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിലും ഉപയോഗ്യമല്ലാത്ത വെള്ളം, കുടിവെള്ളമെന്ന രീതിയിൽ വിതരണം ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത്മൂലമുള്ള ഭക്ഷ്യവിഷബാധയും ജലജന്യരോഗങ്ങളും തടയാനുള്ള കരുതൽ നടപടികളുടെ ഭാഗമായി, ഭക്ഷ്യ സുരക്ഷാ കമ്മീഷണർ 11-01-2013 -ൽ എ-1/13/CFS എന്ന ഉത്തരവിലൂടെ ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പത്തനംതിട്ട ജില്ലയിൽ ഒരു ലോറി പിടിച്ചെടുത്ത് പിഴ ചുമത്തിയിട്ടുണ്ട്.

സുകൃതം ആരോഗ്യ പദ്ധതി

26 (4309) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുകൃതം ആരോഗ്യ പദ്ധതിയിലൂടെ കേന്ദ്ര സർക്കാർ എത്ര തുകയാണ് ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ളത് വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ ഈ പദ്ധതിക്കായി എന്തെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly